"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - ഇ-സ്റ്റാമ്പിംഗിനൊപ്പം സമാന്തരമായി ഭൗതിക മുദ്രപ്പത്ര വില്പന കൂടി തുടരാവുന്ന കാലയളവ് 01/04/2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (ജെ) വകുപ്പ്**

സ.ഉ.(കൈ) നം.**12/2026/TAXES** തീയതി,തിരുവനന്തപുരം, **04-03-2026**

---

പരാമർശം:- **1.** സ.ഉ(കൈ) **10/2023**/നികുതി തീയതി **09.02.2023**

**2.** സ.ഉ(കൈ)നം. **23/2023**/നികുതി തീയതി **20.03.2023**

**3.** സ.ഉ(കൈ)നം.**103/2023**/നികുതി തീയതി **29.09.2023**

**4.** സ.ഉ(കൈ)നം. **15/2024**/നികുതി തീയതി **15.03.2024**

**5.** സ.ഉ(കൈ)നം. **22/2025**/നികുതി തീയതി **06.03.2025**

**6.** ട്രഷറി ഡയറക്ടറുടെ **21.01.2026** തീയതിയിലെ **TRY/10579/2019-F1** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

രജിസ്ട്രേഷൻ / രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്കുള്ള ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങൾക്കും **01.04.2023** മുതൽ സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കി പരാമർശം **(1)** പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ ട്രഷറികളിലും സ്റ്റാമ്പ് വെണ്ടർമാരുടെ കൈവശവും സ്റ്റോക്കുള്ള ഭൗതിക മുദ്രപ്പത്രങ്ങളുടെ വില്പന 01.04.2023 മുതൽ **6** മാസത്തേക്ക് കൂടി തുടരാവുന്നതാണെന്ന് നിഷ്കർഷിച്ചുകൊണ്ട് പരാമർശം **(2)** പ്രകാരവും ഉത്തരവായിരുന്നു. തുടർന്ന് പരാമർശം **(3)**, **(4)**, **(5)** എന്നിവ പ്രകാരം ടി കാലാവധി 31.03.2026 വരെ ദീർഘിപ്പിക്കുകയുണ്ടായി.

**2)** മേല്പറഞ്ഞ കാലയളവ് **31.03.2026**-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, നിലവിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിലും ട്രഷറികളിലും

നീക്കിയിരുപ്പുണ്ടായിരുന്ന ഉയർന്ന മുഖവിലയുള്ള നോൺ ജൂഡീഷ്യൽ മുദ്രപ്പത്രങ്ങൾ ഇനിയും വിൽപ്പന നടത്താതെ അവശേഷിക്കുന്നതായും രജിസ്ട്രേഷൻ ആവശ്യമില്ലാത്ത ഇടപാടുകൾക്കായി ഉയർന്ന വിലയുള്ള ഭൗതിക മുദ്രപ്പത്രങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഇടപാടുകാർ ഇപ്പോഴും ട്രഷറിയെ സമീപിക്കുന്നതായും ട്രഷറികളിൽ നീക്കിയിരിപ്പുള്ള ഭൗതിക മുദ്രപ്പത്രങ്ങൾ വിപണിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കപ്പെടുന്നത് ഇടപാടുകാർക്ക് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതിനൊപ്പം സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്യുമെന്നും അതിനാൽ ഇ-സ്റ്റാമ്പുകളുടെ വില്പനയ്ക്കൊപ്പം സമാന്തരമായി നീക്കിയിരിപ്പുള്ള ഭൗതിക മുദ്രപ്പത്ര വിൽപ്പന കൂടി തുടരാവുന്ന കാലയളവ് 01/04/2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്നും ട്രഷറി ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ-സ്റ്റാമ്പിംഗിനൊപ്പം സമാന്തരമായി ഭൗതിക മുദ്രപ്പത്ര വിൽപ്പന കൂടി തുടരാവുന്ന കാലയളവ് 01/04/2026 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രമോദ് എം വി

അഡിഷണൽ സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, കേരള സ്റ്റേറ്റ് ഓഫീസ്, വെള്ളയമ്പലം, തിരുവനന്തപുരം - 695 033.
അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ്
വിവിര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu Thomas T
Date: 04-03-2026 11:51:02
സെക്ഷൻ ഓഫീസർ